## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 263

28.1.2014- ൽ
മറുപടിക്ക്

## തൊണ്ട് സംഭരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>,, വർക്കല കഹാർ:<br>,, ഐ.സി. ബാലകൃഷ്ണൻ:<br>,, ഷാഫി പറമ്പിൽ: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പരിഷ്കരിച്ച തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) തൊണ്ട് സംഭരണ പദ്ധതി 16.01.2012 മുതൽ പരിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. തൊണ്ടു സംഭരിക്കുന്നതിന് തൊണ്ടു സംഭരണ കൺസോർഷ്യങ്ങൾക്കു നല്കിയിരുന്ന 5.00 ലക്ഷം റിവോൾവിംഗ് ഫണ്ട്, കടത്തുകൂലിയുടെ 50 % ഗ്രാന്റ് എന്നിവ തുടർന്നും നൽകുന്നതിനോടൊപ്പം ചുവടെ സൂചിപ്പിക്കുന്ന രീതിയിലാണ് പദ്ധതി പരിഷ്ക്കരിച്ചത്.<br>• സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നു.<br>• തൊണ്ട് ശേഖരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് നൽകിയിരുന്ന പരമാവധി പ്രതിദിന വേതനം 100 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിച്ചു. |

| | |
|---|---|
| | • കൺസോർഷ്യത്തിനും/ സംഘങ്ങൾക്കും / സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾക്കും സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചത്തൊണ്ടിന് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചു.<br>• കൺസോർഷ്യവുമായി ബന്ധപ്പെട്ട മീറ്റിംഗിൽ പങ്കെടുക്കുന്നവർക്ക് ഒരാളിന് 10 രൂപയിൽ അധികരിക്കാതെ റിഫ്രഷ്മെന്റ് ചാർജ്ജ്.<br>• ഡീഫൈബറിംഗ് മെഷീൻ ഉള്ള സംഘങ്ങൾക്ക്, ഉല്പാദനത്തിന് വേണ്ടി സംഭരിക്കേണ്ടി വരുന്ന തൊണ്ട് ടി - സംഘങ്ങളിലെ തൊഴിലാളികൾ മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് എന്നപോലെ പ്രതിദിനം 150 രൂപ ഇൻസെന്റീവ് ലഭിക്കുന്നതാണ്.<br>• പ്രോജക്ട് ലെവൽ ഹസ്ക്ക് പ്രൊക്യുർമെന്റ് കമ്മറ്റിയുടെയും മോണിറ്ററിംഗ് കമ്മറ്റിയുടെയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളിലൊന്ന് ചകിരിയുടെ ദൗർലഭ്യമാണ്. കേരളത്തിൽ ഉല്പ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 50% തൊണ്ടെങ്കിലും ഇവിടെത്തന്നെ സംസ്ക്കരിച്ച് ചകിരിനാര് ഉത്പ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ |

| | |
|---|---|
| | യാണ് തൊണ്ട് സംഭരണ പദ്ധതി 2010 മുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ ലക്ഷ്യം മുൻനിർത്തി തന്നെയാണ് ഈ പദ്ധതി പരിഷ്ക്കരിച്ചിട്ടുള്ളതും. |
| സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) തൊണ്ടു സംഭരണ പദ്ധതി പ്രകാരം ധന-സഹായത്തിനുള്ള അർഹത ചകിരി നിർമ്മാണം നടത്തുന്ന എല്ലാ മില്ലുകൾക്കും, തൊണ്ടുസംഭരണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും, കൺസോർഷ്യങ്ങൾക്കുമാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും ഫീൽഡുതല കമ്മറ്റികളുടെ ഘടനയിൽ മാറ്റം വരുത്തിയുമാണ് പദ്ധതി പരിഷ്ക്കരിച്ചത്. |
| ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഡി) തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട് ആകെ 36 തൊണ്ടു സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചു. 36 കൺസോർഷ്യങ്ങൾക്കായി ആദ്യഘട്ടം 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച തൊണ്ടു സംഭരണ പദ്ധതി പ്രകാരം തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ - സംഘങ്ങൾക്ക് പരമാവധി 1 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി നൽകുന്നുണ്ട്. മാത്രമല്ല, വർദ്ധിപ്പിച്ച നിരക്കിലുള്ള മറ്റ് ഇൻസെന്റീവും ഈ പദ്ധതി പ്രകാരം നൽകിവരുന്നുണ്ട്. ഇപ്രകാരം ഇതേവരെ ഏകദേശം 4.51 കോടി തൊണ്ട് സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ